മായി 100 കോടിയോളം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഒരു മാസ്റ്റർ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) നവീകരണ പദ്ധതിക്കുവേണ്ട മുതൽമുടക്ക് സംസ്ഥാന സർക്കാർ രൂപം നൽകിയിട്ടിട്ടുള്ള കേരള വ്യവസായ പുനരുദ്ധാരണ ഫണ്ടിൽ നിന്നും കേന്ദ്രഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുള്ള ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ടിൽ നിന്നുമുള്ള കുറഞ്ഞ പലിശ നിരക്കിലുള്ള ദീർഘകാല വായ്പകളും കൂട്ടിച്ചേർത്ത് സമാഹരിക്കാനാകുമെന്ന് കരുതുന്നു.

(സി) നിലവിലുള്ള സ്പിൻഡിൽ കപ്പാസിറ്റിതന്നെ അധികമായതിനാൽ സർക്കാർ ഇനിയും പുതിയതായി സ്പിന്നിംഗ് മില്ലുകൾ വിഭാവനം ചെയ്യുന്നില്ല.

(ഡി) സാമ്പത്തിക സ്ഥാപനങ്ങളിൽനിന്നും ടേം ലോൺ ലഭ്യമാകാത്തതാണ് പ്രധാന തടസ്സം.

(ഇ)&(എഫ്) ടേം ലോൺ ലഭ്യമാക്കുന്നതിനുള്ള ചർച്ചകൾ സർക്കാർ തലത്തിലും നടന്നുവരുന്നു.

58 (614) കുന്നത്തറ ടെക്സ്റ്റയിൽസിന്റെ പുനരുദ്ധാരണം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തറ ടെക്സ്റ്റയിൽസ് തുറന്നു പ്രവർത്തിപ്പിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥാപനത്തിൽ എത്ര തൊഴിലാളികൾ ഉണ്ട്;

(സി) ഈ സ്ഥാപനം പൂട്ടിയശേഷം തൊഴിലാളികൾക്കുവേണ്ടി എന്തെല്ലാം ആശ്വാസ നടപടികൾ കൈക്കൊണ്ടു;

(ഡി) എപ്പോൾ മുതൽ സ്ഥാപനം പൂർണ്ണമായും പ്രവർത്തിക്കുവാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) 1. സർക്കാർ ധനകാര്യ സ്ഥാപനങ്ങൾക്ക് കൊടുക്കാനുള്ള തുക സെറ്റിൽ ചെയ്യാൻ ഏർപ്പാടാക്കി.

2. റിയാബിനെകൊണ്ട് പുനരുദ്ധരിക്കാനായിട്ട് പാർട്ടിയെ കണ്ടുപിടിക്കാൻ ഏർപ്പാടാക്കി. റിയാബ് ഒരു പ്രൊമോട്ടറെ കണ്ടുപിടിച്ച് ചർച്ച നടത്തി അവരുമായി ഒരു ധാരണയായി. ടിയാൻ പ്രവർത്തനമൂലധനം സ്വരൂപിക്കാനുള്ള ശ്രമത്തിലാണ്.

(ബി) ഏകദേശം 640 തൊഴിലാളികൾ ഉണ്ട്.

(സി) പുതിയ മാനേജുമെന്റ് ഏറ്റെടുത്ത നടപടിക്ക് മുന്നോടിയായി തൊഴിലാളികളുമായി ഒരു കരാർ ഉണ്ടാക്കി. ഈ വർഷം ഓണത്തിന് എക്സ് ഗ്രേഷ്യാ അഡ്വാൻസായി 8 ലക്ഷം രൂപ കുന്നത്തറ ടെക്സ്റ്റയിൽസിന് അനുവദിച്ചു.

(ഡി) പുതിയ മാനേജ്മെന്റ് പ്രവർത്തന മൂലധനം സ്വരൂപിച്ചതിനു ശേഷം താമസിയാതെ പ്രവർത്തിപ്പിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

59 (615) കാപ്പെക്സിലെ ക്രമക്കേടുകൾ

ശ്രീ. എം.കെ. മുനീർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly